4. ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും വർക്ക് ഷോപ്പുകളും അഡാക്കിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നുണ്ട്.

5. ഹാച്ചറികളിൽ നിന്നും ഗുണമേന്മയുള്ള കുഞ്ഞുങ്ങളെ അവയുടെ നിറം, പ്രതികരണശേഷി, ചലനശേഷി എന്നിവ നിരീക്ഷിച്ച് കർഷകർക്ക് പരിശീലനം നൽകുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) തിരുവനന്തപുരം (ഓടയം) എറണാകുളം എന്നീ ജില്ലകളിലാണ് പരിശോധന കേന്ദ്രങ്ങൾ നടപ്പാക്കാനുദ്ദേശിക്കുന്നത്. അതിൽ എറണാകുളത്ത് ആരംഭിക്കാനുദ്ദേശിക്കുന്ന ഒരു ലബോറട്ടറിക്കായുള്ള ഡിപ്പാർട്ട്മെന്റ് വിഹിതം 5 ലക്ഷം രൂപ ഇതിനകം അഡാക്കിന് കൈമാറി കഴിഞ്ഞു. പ്രസ്തുത പി.ഡി.ആർ. ലാബിന്റെ നിർമ്മാണം അഡാക്ക് തുടങ്ങികഴിഞ്ഞു. തിരുവനന്തപുരത്ത് ഓടയത്തും പി.ഡി.ആർ. ലബോറട്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു.

(എഫ്) അഡാക്കിന്റെ നേതൃത്വത്തിൽ നിലവിൽ വരുന്ന പി.ഡി.ആർ. ലബോറട്ടറികളിൽ ആദായ നിരക്കിൽ പരിശോധനാ സൗകര്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതാണ്.

**പത്താം പദ്ധതിക്കാലത്ത് ലക്ഷ്യമിട്ട വൈദ്യുതോല്പാദനം**

**13 (*680)** ശ്രീ. എ. കെ. മണി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. സുജനപാൽ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്താം പദ്ധതിക്കാലത്ത് എത്ര ജലവൈദ്യുതിയും താപവൈദ്യുതിയും അധികമായി ഉല്പാദിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) പത്താം പദ്ധതിയുടെ ആദ്യവർഷത്തെ ലക്ഷ്യങ്ങൾ വൈദ്യുതിയെ സംബന്ധിക്കുന്നിടത്തോളം എന്തെല്ലാമായിരുന്നു ;

(സി) അതിൽ എത്രത്തോളം ലക്ഷ്യം നേടാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) 440.35 മെഗാവാട്ട് ശേഷിയുള്ള വിവിധ ജലവൈദ്യുത പദ്ധതികൾ പത്താം പദ്ധതിക്കാലത്ത് പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ സ്വകാര്യപങ്കാളിത്തത്തോടെ ആകെ 77.5 മെഗാവാട്ട് ശേഷി പ്രതീക്ഷിക്കുന്ന 30 ചെറുകിട ജല വൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ശ്രമം നടന്നു വരുന്നു. ഇൻഡിക്കേറ്റീവ് പവർ പർച്ചേസ് എഗ്രിമെന്റ് നിലവിലുള്ള ആറു സ്വതന്ത്ര താപ വൈദ്യുത ഉൽപ്പാദന പദ്ധതികളിൽ ആദ്യം പൂർത്തിയാകുന്നവയിൽ നിന്നും 500 മെഗാവാട്ട് വൈദ്യുതിയും പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പത്താം പദ്ധതിയുടെ ആദ്യ വർഷത്തെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:-

ഉൽപ്പാദന മേഖല

| | | | |
|---|---|---|---|
| 1. | ചെമ്പുക്കടവ് | – | 1 ആന്റ് 2- 6.45 എം. ഡബ്ല്യു. |
| 2. | മലങ്കര | – | 10.5 എം. ഡബ്ല്യു. |
| 3. | ഉറുമി | – | 1 ആന്റ് 2- 6.15 എം. ഡബ്ല്യു. |
| 4. | വഴിക്കടവ് ഡൈവേർഷൻ | – | 24 എം. യു. |
| 5. | വടക്കേപ്പുഴ ഡൈവേർഷൻ | – | 12 എം. യു. |
| 6. | നവീകരണവും പുനഃരുദ്ധാരണവും | | |
| | പള്ളിവാസൽ | – | 37.5 എം. ഡബ്ല്യു. |
| | ശെങ്കുളം | – | 48 എം. ഡബ്ല്യു. |
| | പന്നിയാർ | – | 30 എം. ഡബ്ല്യു. |

പ്രസരണ മേഖല

സബ് സ്റ്റേഷനുകൾ

| | | | |
|---|---|---|---|
| 1. | 110 കെ. വി. | – | 11 എണ്ണം |
| 2. | 66 കെ. വി. | – | 5 എണ്ണം |
| 3. | 33 കെ. വി. | – | 9 എണ്ണം |

ലൈനുകൾ

| | | | |
|---|---|---|---|
| 1. | 110 കെ. വി. | – | 95.76 സി.കി.മീ. |
| 2. | 66 കെ. വി. | – | 56.65 സി.കി.മീ. |
| 3. | 33 കെ. വി. | – | 141. 97 സി.കി.മീ. |

വിതരണമേഖല

| | | | |
|---|---|---|---|
| 1. | സർവ്വീസ് കണക്ഷനുകൾ- | | 4,00,000 എണ്ണം |
| 2. | 11 കെ. വി. ലൈൻ | – | 2,000 കിലോമീറ്റർ |
| 3. | എൽ.റ്റി. ലൈൻ | – | 5500 കിലോമീറ്റർ |
| 4. | ട്രാൻസ്ഫോർമർ | – | 2000 എണ്ണം |
| 5. | സ്ട്രീറ്റ് ലൈറ്റുകൾ | – | 20,000 എണ്ണം |

LIBRARY ARCHIVES Kerala Legislative Assembly

(സി) പത്താം പദ്ധതിയുടെ ആദ്യ വർഷം പൂർത്തിയാക്കാൻ കഴിഞ്ഞ പദ്ധതികൾ :

ഉൽപ്പാദന മേഖല

1. വഴിക്കടവ് ഡൈവേർഷൻ – 24 എം. യു.
2. നവീകരണവും പുനഃരുദ്ധാരണവും

പള്ളിവാസൽ – 37.5 എം. ഡബ്ല്യു.

ശെങ്കുളം – 48 എം. ഡബ്ല്യു.

പന്നിയാർ – 30 എം. ഡബ്ല്യു.

പ്രസരണ മേഖല

സബ് സ്റ്റേഷനുകൾ

1. 110 കെ. വി. – 7 എണ്ണം
2. 33 കെ. വി. – 7 എണ്ണം

ലൈനുകൾ

1. 110 കെ. വി. – 36.4 സി.കി.മീ.
2. 66 കെ. വി. – 44.4 സി.കി.മീ.
3. 33 കെ. വി. – 115.75 സി.കി.മീ.

വിതരണമേഖല

1. സർവ്വീസ് കണക്ഷനുകൾ- 3,55,524 എണ്ണം
2. 11 കെ. വി. ലൈൻ – 608.923 കി.മീ.
3. എൽ.റ്റി. ലൈൻ – 3,478.41 കി.മീ.
4. ട്രാൻസ്ഫോർമർ – 835 എണ്ണം
5. സ്ട്രീറ്റ് ലൈറ്റുകൾ – 27,968 എണ്ണം

**കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച ഗ്രാമീണ ശുദ്ധജല പദ്ധതി**

14 (*681) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. വി. കെ. സി മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ഗ്രാമീണശുദ്ധജല പദ്ധതി കേരളത്തിൽ നടപ്പിലാക്കുകയുണ്ടായോ ;

LIBRARY ARCHIVES Kerala Legislative Assembly